26-5-2015, 12-8-2015 എന്നീ തീയതികളിലും പ്രത്യേക പരിശോധനകൾ നടത്തി നടപടി സ്വീകരിച്ചു. സ്വകാര്യ ആശുപത്രികളിൽ പരിശോധന നടത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമുള്ള അധികാരം ആരോഗ്യവകുപ്പിനില്ല. വ്യക്തമായ പരാതികളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും സ്ഥാപനത്തിൽ ജീവനക്കാരുടെ യോഗ്യതാ മാനദണ്ഡങ്ങളെക്കുറിച്ചോ പ്രവർത്തന രീതികളെക്കുറിച്ചോ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ മാത്രമെ ആരോഗ്യവകുപ്പിന് സാധിക്കുകയുള്ളൂ. സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന പി.എൻ.ഡി.റ്റി. നിയമപ്രകാരം അൾട്രാസോണോഗ്രാഫി നടത്തുന്ന ഏത് സെന്ററും പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും അപ്രോപ്രിയേറ്റ് അതോറിറ്റി എന്ന അധികാരം ഉപയോഗിച്ച് ആരോഗ്യവകുപ്പ് ജീവനക്കാർക്ക് പരിശോധന നടത്തുന്നതിനും ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും അധികാരമുണ്ട്. ഈ അധികാരം ഉപയോഗിച്ച് 2015 മേയ് 26-ാം തീയതി സംസ്ഥാന വ്യാപകമായി സേഫ് കേരള പദ്ധതിയുടെ ഭാഗമായി 520 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 16 സ്ഥാപനങ്ങൾ സീൽ ചെയ്യുകയും ചെയ്തു. ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന സേഫ് കേരള പദ്ധതി വഴി ചെറുകിട ലാബുകളും ക്ലിനിക്കുകളും പരിശോധിക്കുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. സ്വകാര്യ ആശുപത്രികളെയും ലാബുകളെയും നിയന്ത്രിക്കുന്നതിനും മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നതിനും വിഭാവന ചെയ്തുകൊണ്ട് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പരിശോധനകൾ നടത്തുമ്പോൾ ജീവനക്കാരുടെ അടിസ്ഥാന യോഗ്യതകൾ, ലാബിന്റെ അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത, ഉപയോഗിക്കുന്ന രാസവസ്തുക്കളുടെയും കിറ്റുകളുടെയും സ്റ്റെയിനുകളുടെയും കാലാവധി, ഗുണമേന്മ, ഉപകരണങ്ങളുടെ അണു വിമുക്തി, മാലിന്യസംസ്കരണ സംവിധാനങ്ങൾ, ഗുണനിലവാര പരിശോധന, ലൈസൻസ് ഉണ്ടോ എന്നത് തുടങ്ങി വിവിധ കാര്യങ്ങൾ പരിശോധിക്കുന്നുണ്ട്.

നഴ്സിംഗ് വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ്

48 (2322) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ഗവൺമെന്റ് നഴ്സിംഗ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞ രണ്ട് വർഷമായി സ്റ്റൈപന്റ് നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്ത നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) മറ്റ് ജില്ലകളിലെ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് കൃത്യമായി ലഭിക്കുമ്പോൾ കാസർഗോഡ് ജില്ലയിൽ മാത്രം മുടങ്ങുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) നിലവിൽ സ്റ്റൈപന്റ് എത്രയെന്നും,ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സാമ്പത്തികവർഷം കാഞ്ഞങ്ങാട് ഗവൺമെന്റ് നേഴ്സിംഗ് സ്കൂളിന് സ്റ്റൈപന്റ് ഇനത്തിൽ 1,50,000 രൂപ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം അനുവദിക്കുകയുണ്ടായി.

(സി) ആരോഗ്യവകുപ്പിന്റെ കീഴിൽ പതിനാല് ജില്ലകളിലായി പതിനാറ് നഴ്സിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇതിനായി രണ്ട് ശീർഷകത്തിൽ (2210-05-105-89-NP) (2210-05-105-74-NP) സ്കോളർഷിപ്പ് ആന്റ് സ്റ്റൈപന്റ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക വളരെ കുറവാണ്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ലഭ്യമായ തുക അനുവദിക്കുന്നു.

(ഡി) നിലവിൽ ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 700 രൂപയും ബോണ്ട് പീരിയഡിൽ പ്രതിമാസം 2000 രൂപയും നൽകിവരുന്നു. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ആയുർവ്വേദ പഠന മേഖലയിലെ ഗവേഷണ കേന്ദ്രങ്ങൾ

49 (2323) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ പഠന മേഖലയിൽ എത്ര ഗവേഷണ കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത് ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ ഗവേഷണ കേന്ദ്രങ്ങൾ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly